7456
26/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ അനുവദിക്കുന്നത് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്.) നം.39/2015/സാനീവ — തിരുവനന്തപുരം, തീയതി, 25.06.2015

പരാമർശം : 1. 20.07.2013 ലെ ജി.ഒ (എം.എസ്) 59/13/സാനീവ ഉത്തരവ്

2. 20.06.2013 ലെ ജി.ഒ (എം.എസ്) 52/14/സാനീവ ഉത്തരവ്.

## ഉത്തരവ്

വാർദ്ധക്യകാല, അഗതി/വിധവാ പെൻഷനുകളുടെ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനപരിധി 3 ലക്ഷം രൂപയായി നിശ്ചയിച്ച് പരാമർശം (1) പ്രകാരവും എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനം 1.4.2014 മുതൽ പ്രാബല്യത്തിൽ. 1 ലക്ഷം രൂപയായി നിശ്ചയിച്ച് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 3 ലക്ഷം രൂപ വരുമാനപരിധി നിശ്ചയിച്ച് പെൻഷൻ വിതരണം ചെയ്ത ഗുണഭോക്താക്കളിൽ നിന്നും അവർക്ക് അനുവദിച്ച പെൻഷൻ തുക ഈടാക്കേണ്ടതില്ലെന്നും മേൽ ഉത്തരവിൽ പരാമർശിച്ചിരുന്നു. 20.07.2013 നും 1.04.2014 നും ഇടയിൽ ലഭിച്ച അപേക്ഷകളിൽ വരുമാനപരിധി 3 ലക്ഷമായി കണക്കാക്കണമോയെന്നും, അപേക്ഷാ തീയതി മുതലാണോ പെൻഷൻ അനുവദിച്ച് നൽകേണ്ടതെന്നും, 1.04.2014 ന് ശേഷം വരുമാനപരിധി ഒരു ലക്ഷമായി കണക്കാക്കുമ്പോൾ പെൻഷൻ അർഹത നഷ്ടപ്പെട്ടുമോയെന്നുമുള്ള കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ താഴെപ്പറയും പ്രകാരം വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 20.07.2013 നും 01.04.2014 നുമിടയിൽ അപേക്ഷ സമർപ്പിച്ച് പെൻഷൻ വിതരണം നടത്തിയിട്ടില്ലാത്ത അപേക്ഷകർക്ക് പെൻഷൻ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനപരിധി 1 ലക്ഷം രൂപ ആയിരിക്കുന്നതാണ്.
2. 3 ലക്ഷം രൂപയായി വരുമാനപരിധി നിശ്ചയിച്ച് പെൻഷൻ ലഭിച്ച ഗുണഭോക്താവിനും തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ നൽകേണ്ടത് 1 ലക്ഷം രൂപ കുടുംബവാർഷിക വരുമാനപരിധി നിശ്ചയിച്ചുകൊണ്ടായിരിക്കണം.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കില, തൃശ്ശൂർ
ഡയറക്ടർ ഓഫ് പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിഭാഗം , വിവര പൊതുജന സമ്പർക്ക വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ